കാസർഗോഡ് ഐ.ടി.ഐ. കെട്ടിടത്തിനുവേണ്ട സ്ഥലം

222 [362] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഐ.ടി.ഐ.ക്ക് കെട്ടിടം പണിയുവാൻ വേണ്ടി സ്ഥലത്തിന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) അത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വില്ലേജിലെ റീ. സ. 286/1എ, റീ. സ. 286/2എ. എന്നീ നമ്പരുകളിൽപ്പെട്ട സ്ഥലം ആണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) ഈ കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ലാൻറ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല.

പീരുമേട്ടിൽ ഒരു മിനി സിവിൽ സ്റ്റേഷൻ

223 [366] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികളും എവിടംവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly